ഉത്തരം

(എ) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പ് ചിരണിക്കൽ ഹരിജൻ സങ്കേതം പ്രത്യേക മുൻഗണന നൽകി വൈദ്യുതീകരണത്തിന് ഇനിയും തെരഞ്ഞെടുത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് തെരഞ്ഞെടുക്കുന്ന കോളനികൾക്ക് മാത്രമേ പ്രത്യേക മുൻഗണന നൽകുന്നുള്ളു. മുൻഗണനാക്രമത്തിൽ ഈ കോളനി വൈദ്യുതീകരിക്കാൻ ഇനിയും കാലതാമസം നേരിടും.

(ബി, സി) രജിസ്റ്റർ ചെയ്യുന്ന മുൻഗണനയനുസരിച്ചു മാത്രമേ വൈദ്യുതീകരിക്കാൻ ഇപ്പോൾ വ്യവസ്ഥയുള്ളു.

തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള തടസ്സം

386 [720] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിർദ്ദേശം അനുസരിച്ച് തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് വൈദ്യുതി ബോർഡ് തടസ്സം നിൽക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് പ്രത്യേക മുൻഗണനയൊന്നും നിശ്ചയിച്ചിട്ടില്ല. അതുകൊണ്ട് വൈദ്യുതി ബോർഡ് തടസ്സം നിൽക്കുന്നുവെന്ന അനുമാനം ശരിയല്ല.

കോൺട്രിബ്യൂഷൻ സമ്പ്രദായത്തിനെതിരായുള്ള നിവേദനങ്ങൾ

387 [723] ശ്രീ. കെ.പി. പ്രഭാകരൻ:
" കെ.ഇ. ഇസ്മയിൽ:
" കെ.ആർ. ചന്ദ്രമോഹനൻ:
" കെ.ടി. കുണാരൻ:

ഡോ: എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളും മറ്റും വൈദ്യുതീകരിക്കാൻ കോൺട്രിബ്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നതിനെതിരായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു തീരുമാനമെടുത്തു?

LIBRARY ARCHIVES Kerala Legislative Assembly